# ‘സ്നേഹിതൻ’

## ഗലാത്യർ 5:14

‘‘കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്നുള്ള ഏകവാക്യത്തിൽ ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്നു’’.

ഇവിടെ ഗലാത്യർക്കെഴുതിയ ലേഖനത്തിൽ പൗലോസ് ഓർമ്മിപ്പിക്കുകയാണ് ന്യായപ്രമാണത്തിന്റെ നിയമങ്ങളെപ്പറ്റി. കൂട്ടുകാരൻ എന്നത് സ്നേഹിതനും സഹോദരനും ഒക്കെ ആകാം. എന്തെന്നാൽ സദൃശ്യവാക്യത്തിൽ നാം ഇപ്രകാരം കാണുന്നു. ‘‘സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കുന്നു. അനർത്ഥ കാലത്ത് അവൻ സഹോദരനായിത്തീരുന്നു’’ (Proverbs 17:17). ദാവീദിന്റെയും യോനാഥാന്റെയും ജീവിതം നാം നോക്കിയാൽ വളരെ ശക്തമായ ഒരു ആത്മബന്ധം അവർക്കിടയിൽ ഉണ്ടായിരുന്നു. ശൗൽ പലപ്പോഴും ദാവീദിന്റെ ജീവനു ഭീക്ഷണി ആയപ്പോൾ യോനാഥാൻ ഒരു സഹോദരനെപ്പോലെ നിന്നുകൊണ്ട് ദാവീദിനെ രക്ഷിക്കുന്നതായി നാം കാണുന്നു.

പൗലോസ് റോമാക്കാരെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരം ആണ്. സ്നേഹം കൂട്ടുകാരന് ദോഷം പ്രവർത്തിക്കുന്നില്ല. ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ (Rom. 13:10). എന്നാൽ സ്നേഹിതനെ തിരഞ്ഞെടുക്കുന്നത് വളരെ ശ്രദ്ധാപൂർവ്വം ആയിരിക്കണം. കാരണം ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുവാൻ ഇടയാകും.

അതിനാൽ നാം നല്ല സ്നേഹിതന്മാരെ തിരഞ്ഞെടുക്കുകയും, അന്യോന്യം സ്നേഹിക്കുകയും, നന്മകൾ പ്രവർത്തിക്കുകയും ചെയ്യേണം. നമ്മുടെ സ്നേഹിതന്മാർക്കു, നമുക്ക് വാക്കിലും പ്രവർത്തിയിലും സഹോദനായിരിക്കാം. മത്തായി 7:12 ൽ ഇങ്ങനെ കാണുന്നു – “മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ.” അങ്ങനെ നമ്മുടെ ജീവിതം ദൈവത്തിനു പ്രസാദകരമായിത്തീരട്ടെ.

പരാമർശം :

യോഹന്നാൻ 15:13

സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല.

സിസ്റ്റർ ലീന ഈപ്പൻ 001